പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1353 14.06.2013 ൽ മറുപടിക്ക്

## സർക്കാരിന്റെ പരസ്യങ്ങൾക്ക് ചെലവായ തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നേരിട്ടും പി.ആർ.ഡി വഴിയും സർക്കാരിന്റെ പരസ്യങ്ങളുടെ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ;<br>(ബി) ഈ കാലയളവിൽ മാധ്യമങ്ങൾ വഴി സർക്കാർ വകുപ്പുകൾ നൽകിയ പരസ്യങ്ങൾക്ക് ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ഈ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി വഴി പരസ്യ ഇനത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>അച്ചടി മാധ്യമങ്ങൾ- 51,93,80,394 രൂപ ചെലവായി. ഇതിൽ 28,27,54,218 രൂപ മുൻ ഗവൺമെന്റിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചെലവായതും, 23,66,26,176 രൂപ ഈ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി വഴി സർക്കാർ പരസ്യങ്ങളുടെ ഇനത്തിൽ ചെലവായിട്ടുള്ളതുമാണ്.<br>ഇലക്ട്രോണിക്മാധ്യമങ്ങൾ- 13,05,04,728 രൂപ ചെലവായി. ഇതിൽ 1,67,64,061/- രൂപ മുൻ വർഷങ്ങളിലെ കുടിശ്ശികയിനത്തിലും, 11,37,40,667 രൂപ ഈ സർക്കാരിന്റെ കാലത്ത് പി.ആർ.ഡി വഴി സർക്കാർ പരസ്യങ്ങളുടെ ഇനത്തിൽ ചെലവായിട്ടുള്ളതുമാണ്. |
| (സി) പി.ആർ.ഡി. വഴി അല്ലാതെ സർക്കാർ വകുപ്പുകളും അതിന് കീഴിലുള്ള സ്ഥാപനങ്ങളും നൽകിയ വിവിധങ്ങളായ പരസ്യചെലവ് മൊത്തം എത്ര ? | (സി) | എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള പരസ്യം പി.ആർ.ഡി വഴിയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ